

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ



## 7. ബ്രിട്ടീഷ് ഭരണം

## സമ്പൂർണ്ണകൃതികൾ: ഭാഗം VI

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


7 ബ്രിട്ടീഷ് ഭരണം . . . . . . . . . . . . . . . . . . . . . . . . . 1

1 ബ്രിട്ടീഷുമേധാവിത്വത്തിന്റെ അടിസ്ഥാനം . . . . . . . . . . . . . 2

2 നാടൻ വ്യവസായങ്ങളുടെ അധഃപതനം . . . . . . . . . . . . . 3

3 കാർഷികവ്യവസ്ഥയിലെ മാറ്റങ്ങൾ . 4

4 ബ്രിട്ടന്റെ പുരോഗമനപരമായ പങ്ക് . . 5

5 റെയിൽവേയുടെ പ്രാധാന്യം . . . . . 6

6 സംഘട്ടനങ്ങളുടെ തുടക്കം . . . . . . 7

7 ആയിരത്തെണ്ണൂറ്റമ്പത്തേഴ് . . . . . . 8

8 കലാപത്തിന്റെ അന്ത്യം . . . . . . . 9

9 വഞ്ചനയും ദേശീയസമരത്തിന്റെ തുടക്കവും . . . . . . . . . . . . . . . 10

# 7

# ബ്രിട്ടീഷ് ഭരണം

പതിനാറാം നൂറ്റാണ്ടിനു മുമ്പുതന്നെ ഇന്ത്യയിൽ മുതലാളിത്തത്തിന്റെ പ്രാരംഭഘടകങ്ങൾ പ്രത്യക്ഷപ്പെട്ടു കഴിഞ്ഞിരുന്നു. എന്നാൽ, ഈ മുതലാളിത്ത ഘടകങ്ങൾ ശക്തിയാർജിക്കുന്നതിന് മുമ്പ് സാമ്പത്തികമായും വ്യാവസായികമായും സൈനികമായും അവയെക്കാൾ കൂടുതൽ പ്രബലങ്ങളായ വിദേശീയ മുതലാളിത്തശക്തികൾ വലിയ തോതിൽ രംഗത്തു പ്രത്യക്ഷപ്പെട്ടു. നാശോന്മുഖമായിക്കഴിഞ്ഞ നാടുവാഴിത്ത ശക്തികൾക്കോ വളർച്ചയുടെ പ്രാരംഭഘട്ടത്തിൽ മാത്രമെത്തിയ മുതലാളിത്തഘടകങ്ങൾക്കോ വിദേശീയരുടെ ആക്രമണങ്ങളെ തടഞ്ഞുനിർത്താൻ കഴിഞ്ഞില്ല. പോർത്തുഗീസുകാരും ഡച്ചുകാരും ഫ്രഞ്ചുകാരും ബ്രിട്ടീഷുകാരുമെല്ലാം വളരെക്കാലം ഇന്ത്യയിൽ ആധിപത്യം നേടുന്നതിനുവേണ്ടി പരസ്പരം പോരാടുകയുണ്ടായി. അവർക്കെതിരായി ഇന്ത്യൻ ജനതയെ യോജിപ്പിച്ചണിനിരത്തുന്നതിന് പകരം ഇന്ത്യയിലെ ഭരണാധികാരികൾ താന്താങ്ങളുടെ സ്വാർത്ഥം നേടാൻ വേണ്ടി അന്യോന്യം പടവെട്ടുകയും ചിലപ്പോൾ വിദേശീയ ശക്തികളുടെ പക്ഷം പിടിച്ചുകൊണ്ട് അവർക്ക് പിന്തുണ നൽകുകയുമാണ് ചെയ്തത്. ഇന്ത്യയിലെ ജനങ്ങളുടെയും പ്രകൃതിവിഭവങ്ങളുടെയും കമ്പോളങ്ങളുടെയും മേൽ ആധിപത്യം നേടാൻ വേണ്ടി വിദേശീയർ തമ്മിൽ തമ്മിൽ നടത്തിയ കടുത്ത പോരാട്ടങ്ങൾ ഒടുവിൽ ബ്രിട്ടീഷുകാരുടെ വിജയത്തിൽ കലാശിച്ചു.

## 1 ബ്രിട്ടീഷ്മേധാവിത്വത്തിന്റെ അടിസ്ഥാനം

“ഇന്ത്യയിൽ ഇംഗ്ലീഷുകാർ ആധിപത്യം നേടിയതെങ്ങനെ?” മാർക്സ് ചോദിക്കുന്നു. ഈ ചോദ്യത്തിന് അദ്ദേഹം തന്നെ മറുപടി പറയുകയും ചെയ്യുന്നു: “മുഗളന്മാരുടെ പരമാധികാരം മുഗൾ വൈസ്രോയിമാർ തകർത്തു, വൈസ്രോയിമാരുടെ ശക്തി മഹാരാഷ്ട്രക്കാർ തകർത്തു. മഹാരാഷ്ട്രക്കാരുടെ ശക്തി അഫ്ഘാൻകാരും തകർത്തു. ഇങ്ങനെ എല്ലാവരും എല്ലാവർക്കുമെതിരായി മത്സരിച്ചു കൊണ്ടിരുന്നപ്പോൾ ബ്രിട്ടീഷുകാർ ചാടി വീഴുകയും അവരെയെല്ലാം കീഴടക്കുകയുമാണുണ്ടായത്. മുസ്ലീമും ഹിന്ദുവും തമ്മിൽ മാത്രമല്ല, ഗോത്രവും ഗോത്രവും തമ്മിലും ജാതിയും ജാതിയും തമ്മിലും വിഭജനങ്ങൾ നിലനിർത്തിപ്പോന്ന ഒരു രാജ്യം, ജനങ്ങൾ തമ്മിൽ തമ്മിലുള്ള ഭരണപരമായ അകൽച്ചയുടെയും അന്യോന്യതിരസ്കാരത്തിന്റെയും ഫലമായി നിലനിന്നു പോന്ന ഒരുതരം നിശ്ചലതയുടെ ചട്ടക്കൂട്ടോടുകൂടിയ ഒരു സമുദായം—ഇത്തരമൊരു രാജ്യവും ഇത്തരമൊരു സമുദായവും ആക്രമണത്തിന്നിരയാവുക എന്നത് പൂർവകല്പിതം മാത്രമല്ലേ?” [1]

ബൂർഷ്വാകാലഘട്ടത്തിലെ ആദ്യത്തെ യൂറോപ്യൻ വ്യാപാരികൾ ഇന്ത്യയുടെ മണ്ണിൽ കാൽ കുത്തുന്നതിനു നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ക്രിസ്തുവിന്റെ അനുയായികൾ ഇന്ത്യയുടെ പശ്ചിമതീരത്തു വരികയുണ്ടായി. എന്നാൽ, അവർ വന്നത് രാജ്യം വെട്ടിപ്പിടിക്കുന്ന ആക്രമണകാരികളായിട്ടല്ല, പുതിയ സുവിശേഷത്തിന്റെ സൗഹൃദസന്ദേശവാഹകരായിട്ടാണ്. പിന്നീടുവന്ന മുസ്ലീങ്ങളെപ്പോലെതന്നെ അവർ ഭാരതീയസമുദായവുമായി അലിഞ്ഞുചേർന്നു. ഇന്ത്യാരാജ്യം വെട്ടിപ്പിടിക്കാൻ വേണ്ടി വന്ന മുഗളന്മാർ പോലും ഇന്ത്യയിൽ ജീവിച്ച് ഭരണം നടത്തിയത് ഇന്ത്യക്കാരായിട്ടാണ്, വിദേശികളെന്ന നിലയ്ക്കല്ല. എന്നാൽ, ബ്രിട്ടീഷുകാർ അവരിൽ നിന്ന് വ്യത്യസ്തരായിരുന്നു. തങ്ങൾക്കു മുമ്പ് ഇന്ത്യയെ ആക്രമിച്ചവർ ചെയ്തതുപോലെ ഇന്ത്യൻ സംസ്കാരത്തിന്റെ ഒഴുക്കിൽ ലയിക്കാൻ അവർ തയ്യാറായില്ല എന്നതായിരുന്നു ഈ വ്യത്യാസത്തിന് കാരണം. ബ്രിട്ടീഷുകാർക്ക് മുമ്പ് ഇന്ത്യയിൽ വന്ന വിദേശികൾ—അറബികൾ, തുർക്കികൾ, മുഗളന്മാർ തുടങ്ങിയവർ—അക്കാലത്ത് ഇന്ത്യയുടെ സാമൂഹ്യവ്യവസ്ഥയിൽ ആധിപത്യം വഹിച്ച ഫ്യൂഡലിസത്തേക്കാൾ മികച്ച ഒരു സാമ്പത്തികവ്യവസ്ഥയുമായിട്ടല്ല വന്നത്. നാടുവാഴിത്തപരമോ, അർധനാടുവാഴിത്തപരമോ ആയ സാമൂഹ്യഘടനകളും, പിന്നോക്ക സാമ്പത്തികവ്യവസ്ഥകളും നിലനിന്നിരുന്ന മറ്റ് ഏഷ്യൻ പ്രദേശങ്ങളിൽ നിന്നാണ് അവർ വന്നുചേർന്നത്. അതിനാൽ, ഭാരതീയ സമുദായത്തിന്റെ അടിസ്ഥാനപരമായ സാമ്പത്തികഘടനയിൽ എന്തെങ്കിലും മാറ്റം വരുത്താൻ അവർക്ക് കഴിവില്ലായിരുന്നു. ഇന്ത്യയിലെ സാഹചര്യങ്ങൾക്കനുയോജ്യമായ നിലയിൽ സ്വന്തം ജീവിതരീതി രൂപപ്പെടുത്തുകയേ അവർക്ക് നിവൃത്തിയുണ്ടായിരുന്നുള്ളൂ. ചരിത്രത്തിൽ പലപ്പോഴും സംഭവിച്ചിട്ടുള്ളതുപോലെ അവരും ഭരിക്കപ്പെടുന്ന ജനങ്ങളുടെ മികവുറ്റ നാഗരികതയാൽ കീഴടക്കപ്പെടുകയാണുണ്ടായത്. നേരെമറിച്ച്, ബ്രിട്ടീഷുകാർ ഇന്ത്യയിൽ നിലനിന്നിരുന്ന നാടുവാഴിത്തത്തേക്കാൾ വളരെ മുന്തിയ ഒരു ഉൽപ്പാദനസമ്പ്രദായവുമായിട്ടാണ് വന്നത്. അവർ മുതലാളിത്തത്തിന്റെ പ്രതിനിധികളായിരുന്നു. അതുകൊണ്ടാണ് ബ്രിട്ടീഷുകാർക്ക് ഇന്ത്യൻ സാമ്പത്തികഘടനയുടെ മേൽ വളരെ വേഗം വിജയം നേടാൻ കഴിഞ്ഞത്.

---

1. Karl Marx: The Future Results of British Rule in India.

## 2 നാടൻ വ്യവസായങ്ങളുടെ അധഃപതനം

ആരംഭത്തിൽ കച്ചവടക്കാർ എന്ന നിലയ്ക്കാണ് ബ്രിട്ടീഷുകാർ വന്നത്. ഇന്ത്യയിൽ നിന്ന് ചരക്കുകൾ വാങ്ങി യൂറോപ്പിൽ വിറ്റഴിക്കുക, യൂറോപ്പിൽ നിന്ന് ചരക്കുകൾ കൊണ്ടുവന്ന് ഇന്ത്യയിൽ വിൽക്കുക—ഇതായിരുന്നു അവരുടെ പ്രഖ്യാപിതോദ്ദേശ്യം. എന്നാൽ, വ്യാപാരത്തിന്റെയും വാണിജ്യത്തിന്റെയും പേരിൽ അവർ ഏറ്റവും നാണംകെട്ട നിലയിൽ ഇന്ത്യയുടെ സമ്പത്തു കൊള്ളയടിക്കാനാണ് മുതിർന്നത്. കൊല്ലംതോറും ഇംഗ്ലണ്ടിലേക്ക് അളവറ്റ സമ്പത്ത് കയറ്റിക്കൊണ്ടു പോകുന്നതിലാണ് അവർ ശ്രദ്ധ്യാന്തി കാണിച്ചത്. ഈ കൊള്ളകൾ യഥാർത്ഥത്തിൽ ഇംഗ്ലണ്ടിലെ വ്യവസായവിപ്ലവത്തെ ത്വരിതപ്പെടുത്താനുള്ള ഒരു മുഖ്യോപാധിയായിത്തീർന്നു. ബ്രിട്ടനിലെ സാമൂഹ്യസാമ്പത്തികഘടനയിൽ അത് ദൂരവ്യാപകങ്ങളായ മാറ്റങ്ങൾ ഉളവാക്കി. വ്യവസായ മുതലാളികൾ വർത്തകമുതലാളികളെ പുറന്തള്ളിക്കൊണ്ട് ഇംഗ്ലണ്ടിലെ ഏറ്റവും പ്രബലമായ വർഗ്ഗമായിത്തീർന്നു. ഇത് ഇന്ത്യയും ബ്രിട്ടനും തമ്മിലുള്ള ബന്ധങ്ങളിൽ കൂടുതൽ മാറ്റങ്ങൾക്കു വഴിതെളിച്ചു.

പ്രാഥമികഘട്ടത്തിലായിരുന്ന ഇന്ത്യൻ വ്യവസായങ്ങളെ നശിപ്പിക്കാൻ ബ്രിട്ടീഷുകാർ എല്ലാവിധ തന്ത്രവും പ്രയോഗിക്കുകയുണ്ടായി. പരുത്തിത്തുണി, പട്ടുവസ്ത്രം തുടങ്ങിയ ഉപഭോഗസാമഗ്രികളുടെ നിർമ്മാണത്തിൽ അക്കാലത്തെ ഇന്ത്യ ഇംഗ്ലണ്ടിനെ അപേക്ഷിച്ച് വളരെ മുന്നിലായിരുന്നു. ഇന്ത്യൻ തുണിത്തരങ്ങൾ ഇംഗ്ലണ്ടിൽ ധാരാളം വിറ്റഴിഞ്ഞിരുന്നു. ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതി തടയാതെ ഇംഗ്ലണ്ടിലെ തുണിമില്ലുകൾക്ക് പുരോഗതിയുണ്ടാവില്ലെന്ന് ബ്രിട്ടീഷ് മുതലാളികൾ മനസ്സിലാക്കി. ഇന്ത്യയുമായുള്ള മത്സരത്തിൽ നിന്ന് തങ്ങളുടെ വ്യവസായങ്ങളെ സംരക്ഷിക്കാൻ വേണ്ടി അവർ ചില പുതിയ നിയമങ്ങൾ പാസ്സാക്കി. അവയിലൊന്ന് ഇന്ത്യ, പേർസ്യ, ചൈന എന്നിവിടങ്ങളിൽ നിർമ്മിക്കപ്പെട്ട സിൽക്കുവസ്ത്രങ്ങളും കാലിക്കോ വസ്ത്രങ്ങളും നിരോധിക്കാൻ വേണ്ടിയുള്ളതായിരുന്നു. അവ ധരിക്കുന്നവരും വിൽക്കുന്നവരും ഇരുന്നൂറ് പവൻ പിഴയടയ്ക്കണമെന്നതായിരുന്നു ഒരു നിയമം. അതേസമയത്തു തന്നെ പുതിയ യന്ത്രങ്ങളുടെ സഹായത്തോടുകൂടി ബ്രിട്ടനിലെ മില്ലുകൾ പരിഷ്ക്കരിക്കാനുള്ള നടപടികളും എടുത്തു. മികച്ച സാങ്കേതികവിദ്യകളുടെ സഹായത്തോടുകൂടി നിർമ്മിക്കപ്പെട്ട തുണിത്തരങ്ങൾ ചുരുങ്ങിയ വിലയ്ക്ക് ഇന്ത്യയിൽ കൊണ്ടുവന്നു വിൽക്കാൻ തുടങ്ങി. അവയുമായി മത്സരിക്കാൻ ഇന്ത്യയിലെ നിർമ്മാതാക്കൾക്കു സാധിക്കാതായി. അങ്ങനെ ഒടുവിൽ ഇന്ത്യയിലെ ജനങ്ങൾക്കു തുണിയുടുക്കണമെങ്കിൽ ബ്രിട്ടനെ ആശ്രയിക്കണമെന്ന സ്ഥിതി വന്നുചേർന്നു. മറ്റു രാജ്യങ്ങളിലേക്കു തുണിത്തരങ്ങൾ കയറ്റുമതി ചെയ്തിരുന്ന ഇന്ത്യ ചുരുങ്ങിയ ചുങ്കത്തോടുകൂടി ബ്രിട്ടീഷ് തുണിത്തരങ്ങൾ ഇറക്കുമതി ചെയ്യുന്ന നാടായി മാറി. ഇന്ത്യയുടെ ലോകപ്രസിദ്ധിയാർജിച്ച തുണിവ്യവസായം നാശോന്മുഖമായി. പണിക്കാർക്കു പണിയില്ലാതായി. നാട്ടിൻപുറങ്ങളിലേക്കു തിരിച്ചുപോവുകയേ അവർക്ക് നിവൃത്തിയുണ്ടായിരുന്നുള്ളൂ. ഇതുമൂലം കൃഷിയുടെ മേലുള്ള ആശ്രിതത്വം വർദ്ധിച്ചു.

## 3 കാർഷികവ്യവസ്ഥയിലെ മാറ്റങ്ങൾ

പഴയ നികുതിപിരിവ് വിളവിന്റെ അടിസ്ഥാനത്തിലായിരുന്നു. കാർഷികവിളയുടെ ഒരു നിശ്ചിതഭാഗം ഗവണ്മെന്റിനു നൽകണമെന്നായിരുന്നു വ്യവസ്ഥ. വല്ല കാരണത്താലും വിളവ് കുറഞ്ഞാൽ അതനുസരിച്ച് നികുതിയിലും ഇളവു കിട്ടുമായിരുന്നു. എന്നാൽ, ബ്രിട്ടീഷുകാർ പണത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി ചുമത്തിയത്. വിളവ് നന്നായാലും മോശമായാലും ഒരു നിശ്ചിത തുക ഗവണ്മെന്റിലേക്കടയ്ക്കണമെന്നു വ്യവസ്ഥ ചെയ്യപ്പെട്ടു. ഈ മാറ്റത്തിന്റെ ഫലമായി പലപ്പോഴും നികുതി അടച്ചു തീർക്കുക വിഷമമായിത്തീർന്നു. ആവശ്യമായ പണം കാണാനാവാതെ വിഷമിച്ച കർഷകർ ഭൂമി പണയപ്പെടുത്താനോ വിൽക്കാനോ നിർബന്ധരായിത്തീർന്നു. നികുതി അടച്ചു തീർക്കാൻ കഴിയാത്ത കൃഷിക്കാരുടെ ഭൂമി ലേലം ചെയ്തു വിൽക്കപ്പെട്ടു. ഇങ്ങനെ ഭൂമി വലിയ തോതിൽ കൃഷിക്കാരിൽ നിന്ന് അന്യാധീനപ്പെട്ടുപോയി. ക്രമേണ കാർഷികോൽപ്പാദനവും നാശോന്മുഖമായി. കൃഷി അധഃപതിച്ചപ്പോൾ പരമ്പരാഗതമായ ഗ്രാമസമൂഹത്തിന്റെ അടിത്തറയും തകരാൻ തുടങ്ങി.

1793ലെ സ്ഥിരം കുടികിടപ്പ് നിയമവും 1818ലെ റയത്ത്വാരി നിയമവും പഴയ ഗ്രാമസമൂഹഘടനയ്ക്കു മാരകാഘാതമേൽപ്പിക്കുകയും ഇന്ത്യയിൽ വൻകിട ഭൂവുടമകളുടെ ഒരു പുതിയ വർഗ്ഗത്തെ സൃഷ്ടിക്കുകയും ചെയ്തു. ആദ്യത്തെ നിയമമനുസരിച്ച് പിരിവിന്റെ ഒരു ഭാഗം ഗവണ്മെന്റിലേക്ക് അടയ്ക്കണമെന്ന നിബന്ധനയോടുകൂടി പൊതുഭൂമികളെല്ലാം ജമീന്ദാർമാർക്കോ നികുതി പിരിവുകാരായ ഉദ്യോഗസ്ഥന്മാർക്കോ ഏൽപ്പിച്ചുകൊടുക്കപ്പെട്ടു. ബോംബെ–മദിരാശി പ്രവിശ്യകളിൽ നടപ്പാക്കപ്പെട്ട റയത്ത്വാരി നിയമപ്രകാരം ഗ്രാമസമൂഹങ്ങളിലെ അംഗങ്ങളായ കർഷകർ ഗവണ്മെന്റ് ഭൂമികളിലെ കുടിയാന്മാരായി മാറി. എന്നാൽ, വഹിക്കാൻ കഴിയാത്ത പാട്ടഭാരം കാരണം കൃഷിക്കാരുടെ കൈവശഭൂമികൾ മിക്കതും കൊള്ളലാഭക്കാരായ പണമിടപാടുകാരുടെ കൈവശം വന്നുചേർന്നു. പണം കൈവശമുള്ളവർ ഫലത്തിൽ ഭൂവുടമകളായിത്തീർന്നു. ഇങ്ങനെ, പരമ്പരാഗതമായി ഭൂമി കൈവശം വെച്ചുപോന്ന അദ്ധ്വാനശീലരായ കൃഷിക്കാർ, ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ നികുതിനിയമവും ഭൂനയവും കാരണം പാപ്പരാവാൻ തുടങ്ങി. അവരുടെ ഭൂമി പണമിടപാടുകാരുടെ കൈകളിൽ എത്തിച്ചേർന്നു.

ഇതിന്റെയെല്ലാം ഫലമായി കൃഷിക്കാർ എമ്പാടും കഷ്ടപ്പെട്ടു. നികുതിയടയ്ക്കാൻ കഴിയാത്ത ചെറുകിടക്കാരായ ഭൂവുടമസ്ഥന്മാരും കഷ്ടത്തിലായി. ജനസംഖ്യയിൽ കാർഷികത്തൊഴിലാളികളുടെ അനുപാതം ഗണ്യമായി വർദ്ധിച്ചു. കൈവേലക്കാരുടെ പരമ്പരാഗതങ്ങളായ തൊഴിലുകൾ നശിച്ചു തുടങ്ങി. ഗ്രാമങ്ങളിലെ കരകൗശലവിദഗ്ധന്മാർ തകർന്നുപോയി. ഋണബാദ്ധ്യതയും ദാരിദ്ര്യവും വർദ്ധിച്ചു. ഇടയ്ക്കിടെ ക്ഷാമവും പകർച്ചവ്യാധിയും പൊട്ടിപ്പുറപ്പെട്ടു. ഇതിന്റെയെല്ലാം ഫലമായി സാമൂഹ്യജീവിതത്തിന്റെ ഊടും പാവും അതിവേഗം അറ്റുപോവാൻ തുടങ്ങി. രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ അസംതൃപ്തി ഇരച്ചുകയറി. അതേസമയത്ത്, ഈ സാർവത്രികമായ തകർച്ചയിൽ നിന്നു മുതലെടുത്തുകൊണ്ട് പണമിടപാടുകാരും വൻകിട ജമീന്ദാർമാരും തടിച്ചുകൊഴുത്തു.

## 4 ബ്രിട്ടന്റെ പുരോഗമനപരമായ പങ്ക്

കാലക്രമേണ ബ്രിട്ടീഷുകാർ ഇന്ത്യയെ അസംതൃപ്ത പദാർത്ഥങ്ങൾ കൊള്ളയടിക്കാനും ബ്രിട്ടനിലെ വ്യവസായശാലകളിൽ നിർമ്മിക്കപ്പെടുന്ന ഉപഭോഗസാമഗ്രികൾ വിറ്റഴിക്കാനുമുള്ള ഒരു കോളനിയാക്കി മാറ്റി. കാർഷികമേഖലയിൽ വാണിജ്യവിളകൾക്കാണ് പ്രാധാന്യം നൽകപ്പെട്ടത്. ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനം കുറഞ്ഞു. അതേസമയത്ത് ചരക്കുൽപ്പാദനവും പണത്തിന്റെ അടിസ്ഥാനത്തിലുള്ള കൈമാറ്റവ്യവസ്ഥയും തകർന്നുകൊണ്ടിരുന്ന നാട്ടുവാഴിവ്യവസ്ഥക്കുള്ളിൽ മുതലാളിത്ത ഉൽപ്പാദനബന്ധങ്ങളുടെ വളർച്ചയ്ക്ക് പ്രചോദനം നൽകി. ബ്രിട്ടീഷുകാരുടെ ഉദ്ദേശ്യം എന്തായിരുന്നാലും അവർ ഫ്യൂഡലിസത്തിനു നൽകിയ മാരകമായ പ്രഹരങ്ങൾ ഇന്ത്യയെ ആധുനിക പുരോഗതികളുമായി ബന്ധപ്പെടുത്തി. മാർക്സ് ചൂണ്ടിക്കാണിച്ചപോലെ, "ഹിന്ദുസ്ഥാനിൽ ഒരു സാമൂഹ്യവിപ്ലവം സൃഷ്ടിക്കാൻ ഇംഗ്ലണ്ടിനെ പ്രേരിപ്പിച്ചത് ഏറ്റവും ഹീനങ്ങളായ ഉദ്ദേശ്യങ്ങളായിരുന്നു. അവ നടപ്പാക്കിയതോ, വിവേകരഹിതമായ രീതിയിലും, പക്ഷേ, അതല്ല പ്രശ്നം. പ്രശ്നമിതാണ്: ഏഷ്യയിലെ സാമൂഹ്യസ്ഥിതിയിൽ ഒരു മൗലികവിപ്ലവം വരുത്താതെ മനുഷ്യരാശിക്ക് അതിന്റെ ഭാഗധേയം പൂർത്തിയാക്കാൻ പറ്റുമോ? ഇല്ലെന്നാണ് ഉത്തരമെങ്കിൽ, ഇംഗ്ലണ്ടിന്റെ കുറ്റങ്ങൾ എന്തുതന്നെയായാലും, അത്തരമൊരു വിപ്ലവം വരുത്തിത്തീർക്കുന്നതിൽ ഇംഗ്ലണ്ട് ചരിത്രത്തിന്റെ കൈയിൽ അബോധമായ ഒരു ഉപകരണമായിത്തീരുകയാണുണ്ടായത്". [2]

ബ്രിട്ടീഷ് മുതലാളിമാർ ഇന്ത്യയിലെ സാമൂഹ്യസ്ഥിതിയിൽ വരുത്തിയ വിപ്ലവത്തെക്കുറിച്ചും ഇന്ത്യയിൽ ഒരു നവോത്ഥാനം കുറിക്കുന്നതിനുള്ള ബ്രിട്ടീഷ് ഭരണത്തിന്റെ പങ്കിനെക്കുറിച്ചും പ്രതിപാദിച്ചപ്പോൾ മാർക്സ് ഉദ്ദേശിച്ചത് ഇന്ത്യയെ സാമൂഹ്യപുരോഗതിയിലൂടെ മുന്നോട്ടു നയിക്കുവാൻ ബ്രിട്ടീഷ് കോളണി മേധാവികൾ ബോധപൂർവം തയ്യാറായി എന്നല്ല. ഇന്ത്യയിൽ സാമൂഹ്യപുരോഗതിക്കുള്ള ഭൗതികമായ അടിസ്ഥാനം ഒരുക്കുന്നതിൽ ബ്രിട്ടനുള്ള ചരിത്രപരമായ പങ്കിനെപ്പറ്റി മാത്രമാണ് അദ്ദേഹം പരാമർശിച്ചത്. അതേസമയത്തുതന്നെ അദ്ദേഹം ഇങ്ങനെ പ്രഖ്യാപിച്ചു: "എന്നാൽ, ഗ്രേറ്റ് ബ്രിട്ടനിലെ വ്യവസായിക തൊഴിലാളികൾ പുതിയ ഭരണാധികാരി വർഗ്ഗങ്ങളെ നീക്കം ചെയ്ത് സ്വന്തം അധികാരം സ്ഥാപിക്കുന്നതുവരെ, അല്ലെങ്കിൽ ഇന്ത്യക്കാർ തന്നെ ബ്രിട്ടീഷുനുകം വലിച്ചെറിയാനാവശ്യമായ ശക്തി നേടുന്നതുവരെ, ബ്രിട്ടീഷ് ബൂർഷ്വാസി ഇന്ത്യയിൽ വിതറിയ പുതിയ സാമൂഹ്യഘടകങ്ങളുടെ ഫലങ്ങൾ ഇന്ത്യക്കാർക്കു അനുഭവിക്കാൻ കഴിയുകയില്ല". [3]

---

2. Karl Marx: British Rule in India.
3. Karl Marx: The Future Results of British Rule in India.

# 5 റെയിൽവേയുടെ പ്രാധാന്യം

ബ്രിട്ടീഷ് മുതലാളിത്തവ്യവസായത്തിന്റെ ഒരു കാർഷികാനുബന്ധമായി ഇന്ത്യയെ മാറ്റുന്നതിനുവേണ്ടി ഇന്ത്യയിൽ റെയിൽഗതാഗതം നടപ്പാക്കാൻ ബ്രിട്ടീഷ് ഭരണാധികാരികൾ നിർബന്ധരായി. ഈ പുതിയ സംരംഭത്തിന്റെ സാമ്പത്തിക–രാഷ്ട്രീയഫലങ്ങൾ ദൂരവ്യാപകങ്ങളായിരുന്നു.

1853-ലാണ് ഇന്ത്യയിൽ ആദ്യത്തെ റെയിൽവെ സ്ഥാപിക്കപ്പെട്ടത്. അതേ വർഷത്തിൽ തന്നെ മാർക്സ് എഴുതി: “ഇന്ത്യയിലെ പരുത്തിയും മറ്റ് അസംസ്കൃതപദാർത്ഥങ്ങളും ചുരുങ്ങിയ ചെലവിൽ തങ്ങളുടെ വ്യവസായികൾക്ക് കിട്ടാറാക്കുന്നതിന് വേണ്ടിയാണ് ഇംഗ്ലീഷ് മില്ലുടമസ്ഥവർഗ്ഗം ഇന്ത്യയ്ക്ക് റയിൽവെ നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് എനിക്കറിയാം. എന്നാൽ, ഇരുമ്പും കൽക്കരിയുമുള്ള ഒരു രാജ്യത്തിലെ ഗതാഗതത്തിന് തീവണ്ടി യന്ത്രങ്ങൾ ഉപയോഗിക്കാൻ തുടങ്ങിക്കഴിഞ്ഞാൽ പിന്നെ യന്ത്രവ്യവസായങ്ങളുടെ വികസനത്തെ തടയാൻ പറ്റില്ല. റയിൽവേ ഗതാഗതത്തിന്റെ അടിയന്തിരവും താൽക്കാലികവുമായ ആവശ്യങ്ങൾ നിർവഹിക്കാൻ വേണ്ട വ്യവസായപ്രക്രിയകൾ കൂടാതെ ഒരു വിശാലരാജ്യത്തിൽ റെയിൽവെകളുടെ ഒരു ശൃംഖല നിർമ്മിക്കുക സാദ്ധ്യമല്ല. അതോടുകൂടി റെയിൽവേയുമായി നേരിട്ടു ബന്ധപ്പെടാത്ത മറ്റു വ്യവസായശാഖകളിലും യന്ത്രങ്ങളുടെ ഉപയോഗം വർദ്ധിക്കാൻ തുടങ്ങും. അതിനാൽ, റെയിൽവേ ഗതാഗതം ഇന്ത്യയിൽ ശരിക്കുള്ള ആധുനിക വ്യവസായത്തിന്റെ മുന്നോടിയായിത്തീരുന്നു”. [4]

ഇന്ത്യയിൽ റെയിൽവേ ഗതാഗതം നടപ്പാക്കുന്നതിന്റെ ഫലങ്ങളെക്കുറിച്ചുള്ള മാർക്സിന്റെ ഈ പ്രവചനം തികച്ചും ശരിയാണെന്ന് പിന്നീടുണ്ടായ സംഭവവികാസങ്ങൾ തെളിയിച്ചിരിക്കുന്നു.

4. Ibid.

## 6 സംഘട്ടനങ്ങളുടെ തുടക്കം

ബ്രിട്ടീഷ് ഭരണമാരംഭിച്ചതോടെ ഇന്ത്യയുടെ സാമൂഹ്യ–സാംസ്കാരിക ജീവിതത്തിലാകെ സ്തംഭനവും അധഃപതനവും പ്രകടമായി. സാമ്പത്തികമായ ചൂഷണവും രാഷ്ട്രീയമായ അപമാനഭാരവും ജനങ്ങളെ നിഷ്ക്രിയത്വത്തിലേക്കും നിരാശതയിലേക്കും നയിച്ചു. പക്ഷേ, ക്രമത്തിൽ ബ്രിട്ടീഷ് ഭരണത്തിനെതിരായ പ്രതിഷേധങ്ങൾ ഉയർന്നുവരാൻ തുടങ്ങി. ഇന്ത്യയുടെ ചരിത്രം ജനങ്ങളും വിദേശീയ ഭരണാധികാരികളും തമ്മിലുള്ള സംഘട്ടനങ്ങളുടെ ദശയിലേക്ക് നീങ്ങി.

ഡൽഹൗസി പ്രഭുവിനു ശേഷം ഇന്ത്യയുടെ ഗവർണർ ജനറലായി അധികാരമേറ്റെടുത്ത കാനിങ്ങ് പ്രഭു 1856-ൽ ലണ്ടനിൽ ഒരു വിരുന്നുസൽക്കാരത്തിൽവെച്ച് ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി: “സമാധാനപരമായ ഒരു ഉദ്യോഗകാലാവധിയാണ് ഞാനാഗ്രഹിക്കുന്നത്. എന്നാൽ, ഇന്ത്യയിലെ ശാന്തമായ അന്തരീക്ഷത്തിൽ ഒരു മനുഷ്യന്റെ കരത്തേക്കാളധികം വലിപ്പമില്ലാത്ത ഒരു ചെറിയ കാർമേഘം ഉരുണ്ടുകൂടിയേക്കാം എന്നും അത് വളർന്നുവളർന്നു പൊട്ടിത്തെറിച്ച് നമ്മെ നശിപ്പിച്ചേക്കാം എന്നുമുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല”. കാനിങ്ങ് പ്രഭു ഈ പ്രസ്താവന ചെയ്ത സമയത്ത് ഇന്ത്യയുടെ അന്തരീക്ഷത്തിൽ കാർമേഘങ്ങൾ ഉരുണ്ടുകൂടുന്നുണ്ടായിരുന്നു. ഇടയ്ക്കിടെ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരുന്നു. യഥാർത്ഥത്തിൽ ഇന്ത്യൻ ജനത വിദേശവാഴ്ചയുമായി ഒരിക്കലും പൂർണ്ണമായി ഇണങ്ങിച്ചേരുകയുണ്ടായില്ല. മർദ്ദനങ്ങളേയും പരാജയങ്ങളേയും കൂട്ടാക്കാതെ അവർ തങ്ങളുടെ ദേശാഭിമാനവും വിദേശികളോടുള്ള എതിർപ്പുകളും പ്രകടിപ്പിച്ചു. ഈ എതിർപ്പുകൾ ഇടയ്ക്കിടെ ദേശവ്യാപകമായ ജനകീയ പ്രസ്ഥാനങ്ങളുടേയും ജനകീയസമരങ്ങളുടെയും രൂപങ്ങൾ കൈക്കൊണ്ടു.

ഇന്ത്യയിലെ ചില നാട്ടുവാഴിമേധാവികളും നാട്ടുരാജാക്കന്മാരും യാതൊരുസമരവും നടത്താതെ ബ്രിട്ടീഷുകാർക്ക് കീഴടങ്ങി എന്നത് ശരിയാണ്. ചിലർ അസൂയയും പരസ്പരമത്സരങ്ങളും കാരണം മറ്റുള്ളവരെ ചതിക്കാനും തോൽപ്പിക്കാനും വേണ്ടി നാണമില്ലാതെ ബ്രിട്ടീഷുകാരുടെ ഭാഗത്തു ചേരുകപോലും ചെയ്തു. എന്നാൽ, ബ്രിട്ടീഷുകാരെ ധീരമായി എതിരിട്ട രാജാക്കന്മാരും നാട്ടുവാഴിപ്രഭുക്കളും ഉണ്ടായിരുന്നു.

1757ലെ പ്ലാസിയുദ്ധത്തിനും 1857ലെ സ്വാതന്ത്ര്യസമരത്തിനുമിടയിൽ ബ്രിട്ടീഷ് മേധാവിത്വത്തിനും നാട്ടുവാഴിമർദ്ദനങ്ങൾക്കും എതിരായി ഒട്ടേറെ കാർഷിക കലാപങ്ങളും സമരങ്ങളും പൊട്ടിപ്പുറപ്പെടുകയുണ്ടായി. പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിലാണ് ബംഗാളിലെ ചരിത്രപ്രസിദ്ധമായ സന്യാസിലഹളയുണ്ടായത്. ബങ്കിംചന്ദ്ര ചാറ്റർജിയെപ്പോലുള്ള വൻകിട സാഹിത്യകാരന്മാർക്ക് തങ്ങളുടെ ഏറ്റവും മികച്ച കൃതികൾ രചിക്കാൻ അതു പ്രചോദനം നൽകി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിൽ ബരേലി, സഹറാൻപൂർ, ദൽഹി, മീറത്ത്, മുറാദാബാദ് തുടങ്ങിയ പ്രദേശങ്ങളിൽ കർഷക കലാപങ്ങളുണ്ടായി. 1822നും 1827നും ഇടയിൽ പൂനയിലുണ്ടായ രാംസോകലാപങ്ങൾ, 1831നും 1857നുമിടയിൽ ബംഗാളിലെ നീലം കൃഷിക്കാർ നടത്തിയ കലാപങ്ങൾ, 1844ലെ സാവന്തവാഡി കലാപം, 1847, 1851, 1852, 1853 എന്നീ വർഷങ്ങളിൽ മലബാറിൽ നടന്ന കർഷക കലാപങ്ങൾ, 1855–1856ലെ സന്താൽകലാപം—ഇതെല്ലാം വിദേശീയമർദ്ദകരെയും അവരുടെ വൈതാളികന്മാരെയും എതിരിടാനുള്ള ജനങ്ങളുടെ നിശ്ചയദാർഢ്യത്തിന്റെ പ്രകടനങ്ങളായിരുന്നു.

## 7 ആയിരത്തെണ്ണൂറ്റമ്പത്തേഴ്

അസ്വാസ്ഥ്യം കൃഷിക്കാർക്കിടയിൽ മാത്രം ഒതുങ്ങി നിൽക്കുകയുണ്ടായില്ല. ഇടയ്ക്കിടെ ബ്രിട്ടീഷ് സൈന്യത്തിലെ ഇന്ത്യൻ പട്ടാളക്കാർക്കിടയിലും കലാപങ്ങളുണ്ടായി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വളരെക്കാലമായി അലയടിച്ചുകൊണ്ടിരുന്ന കലാപങ്ങളുടെ അന്തിമപരിണാമമായിരുന്നു 1857ലെ ലഹള.

ചില ചരിത്രകാരന്മാർ നമ്മെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നതുപോലെ, 1857-ലെ ലഹള ആകസ്മികമായി പൊട്ടിപ്പുറപ്പെട്ടതായിരുന്നില്ല. സാമൂഹ്യവും മതപരവും രാഷ്ട്രീയവും സാമ്പത്തികവുമായ ജീവിതരംഗങ്ങളിൽ ബ്രിട്ടീഷുകാർ പിന്തുടർന്നുവന്ന ഭീകരങ്ങളും ധിക്കാരപരങ്ങളുമായ നിയമങ്ങൾമൂലം ഇന്ത്യൻ ജനതയ്ക്കിടയിൽ ശക്തിമത്തായ വികാരങ്ങൾ നീറിപ്പിടിക്കുന്നുണ്ടായിരുന്നു. അടക്കിവെയ്ക്കപ്പെട്ട ഈ ദേശീയബോധത്തിന്റെ വികാരങ്ങളാണ് 1857-ൽ ഒരു വമ്പിച്ച ലഹളയായി പൊട്ടിപ്പുറപ്പെട്ടത്.

1857 മാർച്ച് 29ന് മംഗൽ പാണ്ഡെ എന്ന ഒരു യുവസിപ്പായിയെ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർ അറസ്റ്റ് ചെയ്തപ്പോൾ, വിദേശികൾക്കെതിരായി ഉയിർത്തെഴുന്നേൽക്കാൻ അയാൾ തന്റെ സഹപ്രവർത്തകരെ ആഹ്വാനം ചെയ്തു. തുടർന്നുണ്ടായ സംഘട്ടനത്തിൽ ഒരു വെള്ളക്കാരൻ ഓഫീസർ കൊല്ലപ്പെട്ടു. മംഗൽ പാണ്ഡെ കോർട്ട് മാർഷലിന്റെ മുമ്പാകെ ഹാജരാക്കപ്പെട്ടു. ഏപ്രിൽ 8ന് ആ യുവാവ് തൂക്കിക്കൊല്ലപ്പെട്ടു. ഈ സംഭവം ഇന്ത്യൻ പട്ടാളക്കാരെയാകെ ക്ഷോഭിപ്പിച്ച ഒരു പ്രകടന നടപടിയായിരുന്നു. അവിടെയും ഇവിടെയുമായി പട്ടാളക്കാരുടെ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു. കലാപങ്ങൾ അതിവേഗം പരന്നുപിടിച്ച് ഒരു സായുധലഹളയായി മാറി.

മീറത്തിലെ പട്ടാളക്കാർ യമുനാനദി കടന്ന് ദൽഹിയിലേക്ക് മാർച്ചുചെയ്തു. ദൽഹിയിൽ അപ്പോഴും ബഹദൂർഷാ പേരിന് മുഗൾചക്രവർത്തിയായിരുന്നു. ശക്തരായ പൂർവികരുടെ ദയനീയമായ ഒരു നിഴൽ മാത്രമായിരുന്നു അദ്ദേഹം. എന്നാൽ, മെയ് 10ന് ആ നിഴലിനു ജീവൻവെച്ചു. കലാപകാരികളായ പട്ടാളക്കാർ ദൽഹി അധീനപ്പെടുത്തി ബഹദൂർഷായെ ഇന്ത്യയുടെ സാമ്രാട്ടായി പ്രഖ്യാപിച്ചു. ചാൾസ് ബെൽ തന്റെ "ഇന്ത്യൻ കലാപം" എന്ന പുസ്തകത്തിൽ എഴുതിയപോലെ, മീറത്തിലെ സിപ്പായിമാർ ഒരു നിമിഷം കൊണ്ട് ഒരു നേതാവിനെയും ഒരു പതാകയെയും ഒരു ലക്ഷ്യത്തെയും കണ്ടെത്തി. സിപ്പായികളുടെ ലഹള ബ്രിട്ടീഷ് ഭരണത്തിനെതിരായി ഇന്ത്യൻ ജനതയെ തട്ടിയുണർത്തി. അതൊരു ജനകീയ കലാപമായി മാറി.

ഈ മാറ്റം അത്ഭുതകരമായ വേഗത്തിലാണ് സംഭവിച്ചത്. ഈസ്റ്റിന്ത്യാ കമ്പനിയുടെ നികുതിനയങ്ങളിലും ഭൂനിയമങ്ങളിലും അസംതൃപ്തരായ കർഷകരായിരുന്ന കലാപത്തിന്റെ നട്ടെല്ല്. ഹിന്ദുക്കളും മുസ്ലീങ്ങളും കച്ചവടക്കാരും കൈവേലക്കാരും എല്ലാം കലാപത്തിൽ പങ്കുചേർന്നു. ഹിന്ദു സന്യാസിമാർ ബ്രിട്ടീഷുകാർക്കെതിരായി പോരാടാൻ ആഹ്വാനം ചെയ്തുകൊണ്ട് രാജ്യത്തെങ്ങും ചുറ്റിസഞ്ചരിച്ചു. ബ്രിട്ടീഷ് മേധാവിത്വം അവസാനിപ്പിക്കുകയും സ്വതന്ത്രവും കേന്ദ്രീകൃതവുമായ ഒരു ഭരണം സ്ഥാപിക്കുകയും ചെയ്യുക എന്നതായിരുന്നു ലഹളയുടെ ലക്ഷ്യം. ജനറൽ സർ റോബർട്ട് ഗാർഡിനർ എന്ന ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ തന്റെ റിപ്പോർട്ടിൽ പറഞ്ഞത് ഇപ്രകാരമാണ്: "ഇന്ത്യൻ കലാപത്തെ പട്ടാളക്കാരുടെ ഒരു ലഹള മാത്രമായി ചിത്രീകരിക്കാനുള്ള ശ്രമം നിശ്ചയമായും, ഒരു സാമൂഹ്യമുന്നേറ്റത്തിലേക്ക് കാര്യങ്ങൾ കൊണ്ടുചെന്ന് എത്തിച്ച ദുർഭരണത്തെ മറച്ചുവെയ്ക്കലാണ്".

ഹിന്ദു–മുസ്ലീം വൈരം സൃഷ്ടിച്ചുകൊണ്ട് ജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാൻ ബ്രിട്ടീഷുകാർ പല ശ്രമങ്ങളും നടത്തുകയുണ്ടായി. എന്നാൽ, ദേശാഭിമാനത്തിന്റെ തള്ളൽ ജനങ്ങളുടെ ഐക്യം ശക്തിപ്പെടുത്തുകയാണ് ചെയ്തത്. മുസ്ലീങ്ങളുടെ ബ്രിട്ടീഷ് വിരുദ്ധവികാരത്തെ ഹിന്ദുക്കൾക്കെതിരായി തിരിച്ചുവിടാൻ നടത്തിയ ഗൂഢാലോചനകൾ പൊളിയുകയാണ് ചെയ്തത്. ബഹദൂർഷാ പ്രഖ്യാപിച്ചു: "ഈ പുണ്യയുദ്ധം ബ്രിട്ടീഷുകാർക്കെതിരായിട്ടുള്ളതാണ്. അത് ഹിന്ദുക്കൾക്കെതിരായി തിരിച്ചുവിടരുതെന്ന് ഞാൻ കൽപ്പിക്കുന്നു".

ഹിന്ദുക്കളോടുള്ള സൗമനസ്യത്തിന്റെ അടയാളമായി ഈദാഘോഷക്കാലത്ത് പശുവിനെ അറക്കുന്നതിൽ നിന്ന് പിന്തിരിയാൻ ബഹദൂർഷാ മുസ്ലീങ്ങളോടു കൽപ്പിച്ചു. ജനമുന്നേറ്റത്തിന്റെ നേതാക്കൾ ഇന്ത്യയിൽ ബ്രിട്ടീഷ്ഭരണം അവസാനിപ്പിക്കുകയെന്ന പൊതുതാൽപ്പര്യം മനസ്സിലാക്കി. അവർ ലക്നോവിൽ നിന്നിറക്കിയ വിജ്ഞാപനത്തിൽ ഇപ്രകാരം പറയുകയുണ്ടായി: "എല്ലാവർക്കും പ്രിയപ്പെട്ട നാല് പ്രധാന താല്പര്യങ്ങളുണ്ടെന്ന് എല്ലാ ഹിന്ദുക്കളും എല്ലാം മുസ്ലീങ്ങളും മനസ്സിലാക്കുന്നു. മതം, അഭിമാനം, ജീവൻ, സ്വത്ത് എന്നിവയാണവ. ഒരു ദേശീയഗവണ്മെന്റിന്റെ കീഴിൽ മാത്രമേ അവ സംരക്ഷിക്കാൻ കഴിയൂ".

മാർക്സ് 1857 ജൂൺ 30ന് എഴുതിയതിങ്ങനെയാണ്: "ഇതിനുമുമ്പും ഇന്ത്യൻ പട്ടാളത്തിൽ കലാപങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ, ഇപ്പോഴത്തെ കലാപം സ്വതസ്സിദ്ധവും വിധിവിഹിതവുമായ വിശേഷതകൾ കൊണ്ട് അതിൽ നിന്നെല്ലാം വ്യത്യസ്തമായി നിൽക്കുന്നു. ആദ്യമായിട്ടാണ് സിപ്പായി റജിമെന്റുകൾ അവരുടെ യൂറോപ്യൻ ഓഫീസർമാരെ കൊലപ്പെടുത്തുന്നതും മുസൽമാന്മാരും ഹിന്ദുക്കളും പരസ്പരവിദ്വേഷം മറന്ന് തങ്ങളുടെ പൊതുശത്രുക്കൾക്കെതിരായി യോജിച്ചണിനിരക്കുന്നതും ഹിന്ദുക്കളിൽ നിന്നാരംഭിച്ച കലാപങ്ങൾ ദൽഹിയിലെ സിംഹാസനത്തിൽ ഒരു മുസ്ലീം സാമ്രാട്ടിനെ അവരോധിക്കുന്നതിൽ ചെന്നെത്തുന്നതും. അല്പം ചിലേടങ്ങളിൽ മാത്രമായി ഒതുങ്ങി നിൽക്കാത്ത ഒരു കലാപമാണിത്. ആംഗ്ലോ–ഇന്ത്യൻ പട്ടാളത്തിലെ കലാപം ഇംഗ്ലീഷ് മേധാവിത്വത്തിനെതിരായി വൻകിട ഏഷ്യൻ രാഷ്ട്രങ്ങളിലൊട്ടുക്കുമുണ്ടായിട്ടുള്ള വിദ്വേഷപ്രകടനങ്ങളുമായി കൂടിക്കലർന്നിരിക്കുന്നു. ബംഗാൾസേനയുടെ കലാപം പേർസ്യൻ–ചൈനീസ് യുദ്ധങ്ങളുമായി അവിഭാജ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു എന്ന കാര്യത്തിൽ സംശയമില്ല". [5]

ജൂൺ 4ന് ലക്നൗ മോചിപ്പിക്കപ്പെട്ടു. തൊണ്ണൂറ ദിവസങ്ങൾക്കുള്ളിൽ ഔധും റോഹിൽഖണ്ഡും സ്വതന്ത്രങ്ങളായിത്തീർന്നു. കാൺപൂരിലും ബുന്ദേൽഖണ്ഡിലും സ്വാതന്ത്ര്യപതാകകൾ പാറിപ്പറന്നു. കൽക്കത്ത മുതൽ പെഷവാർവരെയും ഹിമാലയം മുതൽ നർമ്മദാനദിവരെയുമുള്ള വിശാലമായ പ്രദേശങ്ങളിൽ ബ്രിട്ടീഷ് ഭരണം തുടച്ചുനീക്കപ്പെട്ടു.

---

5. Karl Marx: The Revolt in The Indian Army.

## 8 കലാപത്തിന്റെ അന്ത്യം

കലാപത്തിനു നേതൃത്വം നൽകിയ ഝാൻസിയിലെ റാണി ലക്ഷ്മീഭായി, ഫൈസാബാദിലെ മൗലവി അഹമ്മദ്ഷാ, കുൻവർസിംഗ്, ഫിറോഷാ, താന്തിയാതോപ്പേ, നാനാ സാഹെബ് മുതലായവർ നാട്ടുവാഴിരാജാക്കാന്മാരായിരുന്നുവെങ്കിൽ മറ്റുള്ളവർ സൈനിക കമാൻഡർമാരായിരുന്നു. ഝാൻസിറാണി അത്ഭുതകരമായ ധൈര്യത്തോടെയാണ് പോരാടിയത്. ആ വീരവനിത പട്ടാളക്കാരെയും ജനങ്ങളെയും ആവേശഭരിതരാക്കുകയും ബ്രിട്ടീഷുകാർക്കെതിരായ യുദ്ധത്തിൽ അവരെ നേരിട്ട് നയിക്കുകയും ചെയ്തു. 1857 ജൂൺ 17ന് ഒരു ബ്രിട്ടീഷ് ഭടന്റെ വെടിയുണ്ട അവരുടെ ദേഹത്തിൽ തുളച്ചുകയറി. അവർ കുതിരപ്പുറത്തുനിന്നു വീണു; അരമണിക്കൂറിനുള്ളിൽ മരണം പ്രാപിച്ചു. ആ ധീരവനിത പ്രസിദ്ധങ്ങളായ ഗീതങ്ങളിലൂടെയും നാടോടിപ്പാട്ടുകളിലൂടെയും ഇന്ത്യൻ ജനതയുടെ ഹൃദയങ്ങളിൽ ഇന്നും ജീവിച്ചിരുന്നു.

രാഷ്ട്രീയവും തന്ത്രപരവുമായ കാരണങ്ങളാൽ ബ്രിട്ടീഷുകാർ തങ്ങളുടെ മുഖ്യമായ ശ്രദ്ധ ദൽഹി വീണ്ടും പിടിച്ചെടുക്കുന്നതിലാണ് കേന്ദ്രീകരിച്ചത്. എന്നാൽ, ആ പരിശ്രമം അത്ര എളുപ്പമൊന്നും ആയിരുന്നില്ല. ആധുനിക യുദ്ധോപകരണങ്ങളും മികവുറ്റ സൈനികപരിചയവും മറ്റുമുണ്ടായിട്ടും നാലുമാസക്കാലം നീണ്ടുനിന്ന പ്രതിരോധ നടപടികൾക്കും നഗരത്തിന്റെ മതിൽക്കെട്ടിനുള്ളിൽ വെച്ച് നടന്ന അഞ്ചുദിവസത്തെ ഭീകരങ്ങളായ ഏറ്റുമുട്ടലുകൾക്കും ശേഷമാണ് അവർ സെപ്റ്റംബർ 24-ാം തീയതി ദൽഹി പിടിച്ചടക്കിയത്. എന്നിട്ടും മറ്റു പല പ്രദേശങ്ങളും സ്വതന്ത്രങ്ങളായിത്തന്നെ നിലനിന്നു. ലക്നൗവിലെ ചെറുത്തുനിൽപ്പ് 1858 മാർച്ച് 20ന് മാത്രമാണ് അവസാനിച്ചത്. അതിനുശേഷവും താന്തിയാ തോപ്പിയും അദ്ദേഹത്തിന്റെ ഗറില്ലാ സംഘങ്ങളും പരാജയം സമ്മതിക്കാതെ സ്വാതന്ത്ര്യത്തിന്റെ കൊടി ഉയർത്തിപ്പിടിച്ചു. ഏപ്രിൽ 7ന് ബ്രിട്ടീഷുകാർ അദ്ദേഹത്തെയും പിടികൂടി; 18ന് അദ്ദേഹത്തെ തൂക്കിക്കൊന്നു. അതോടെ ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന്റെ അടിത്തറ പിടിച്ചുകുലുക്കിയ ഒന്നാമത്തെ സ്വാതന്ത്ര്യസമരം മിക്കവാറും അവസാനിച്ചു.

ബ്രിട്ടീഷ് ഭരണാധികാരികളുടെ നടപടികൾ ഏറ്റവും നിഷ്ഠുരങ്ങളായിരുന്നു. കലാപകാരികളെന്നു സംശയിക്കപ്പെട്ട ഇന്ത്യക്കാരെ അടിച്ചമർത്തുന്നതിൽ അവർ കാണിച്ച കൊടും ക്രൂരതകളുടെ ദൃക്സാക്ഷി വിവരണങ്ങൾ ബ്രിട്ടീഷ് ചരിത്രകാരന്മാർ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. പരിക്കുപറ്റിയ ഒരു തടവുകാരന്റെ മുഖത്ത് ബയനറ്റുകൊണ്ട് വീണ്ടും വീണ്ടും കുത്തിയതിനുശേഷം അയാളെ ജീവനോടെ തീയിലിട്ടു ചുട്ടുകൊന്നതെങ്ങനെയെന്ന് എഡ്വേർഡ് തോംസൻ വിവരിച്ചിരിക്കുന്നു: “തീയിൽ വെന്ത മാംസത്തിന്റെ ഭയാനകമായ മണം അന്തരീക്ഷത്തിൽ ഉയരുന്നു. വായു അശുദ്ധമാക്കപ്പെടുന്നു. അങ്ങനെ നാഗരികതയെപ്പറ്റിയും മനുഷ്യത്വത്തെപ്പറ്റിയും നിലവിളിക്കുന്ന ഈ പത്തൊമ്പതാം നൂറ്റാണ്ടിൽ ഒരു മനുഷ്യജീവി വെന്തെരിഞ്ഞു മരിച്ചു കിടക്കുന്നു!” [6]

കൃഷിക്കാരും പട്ടാളക്കാരും കൈവേലക്കാരും മറ്റും സാധാരണ ജനങ്ങളും സമരത്തിന്റെ തീച്ചൂളയിലായിരുന്നു. അവരുടെ അടങ്ങാത്ത വീര്യമാണ് ബ്രിട്ടീഷുകാരെ വെല്ലുവിളിക്കാൻ നാട്ടുവാഴി പ്രഭുക്കൾക്കും രാജാക്കന്മാർക്കും പ്രചോദനം നൽകിയത്. ഈ നാട്ടുവാഴി നേതാക്കന്മാരിൽ മിക്കവരും ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ വെട്ടിപ്പിടുത്തത്തിൽ അസംതൃപ്തരായിരുന്നു. തങ്ങളുടെ അധികാരം വീണ്ടെടുക്കണമെന്നുള്ള ആഗ്രഹത്തോടു കൂടിയാണ് അവർ കലാപത്തിൽ പങ്കെടുത്തത്. പക്ഷേ, ഈയൊരു കാരണം കൊണ്ടുമാത്രം 1857ലെ കലാപത്തിന്റെ ദേശീയസ്വഭാവത്തെ നിഷേധിക്കുകവയ്യ. ഇത്തരത്തിലുള്ള കലാപങ്ങൾ ലോകചരിത്രത്തിൽ വേറെയും കാണാവുന്നതാണ്. മാർക്സ് ചൂണ്ടിക്കാണിച്ചതുപോലെ, ഫ്രഞ്ച് രാജഭരണത്തിനെതിരായ ആദ്യത്തെ പ്രഹരം കർഷകരല്ല, ചില നാട്ടുവാഴി പ്രഭുക്കന്മാരാണ് നൽകിയത്. ഇന്ത്യയിൽ 1857ലെ ലഹളയുടെ മുൻകൈ പട്ടാളക്കാർക്കായിരുന്നു. എങ്കിലും, അത് സായുധസേനയുടെ കലാപം മാത്രമായിരുന്നില്ല. ദേശീയ സ്വഭാവമുള്ള വിപുലമായ ഒരു സമരമായിരുന്നു. അതുകൊണ്ടാണ് അത് ബ്രിട്ടീഷ് മേധാവിത്വത്തിനെതിരായ ഇന്ത്യൻ ജനതയുടെ ഒന്നാമത്തെ സ്വാതന്ത്ര്യസമരമായി ചിത്രീകരിക്കപ്പെടുന്നത്.

---

6. Edward Thompson: The other side of the Medal.

# 9 വഞ്ചനയും ദേശീയസമരത്തിന്റെ തുടക്കവും

ബ്രിട്ടീഷുകാരുടെ ഭാഗത്തുചേർന്ന ഭീരുക്കളും രാജ്യദ്രോഹികളുമായ ചില രാജാക്കന്മാരുമുണ്ടായിരുന്നു. പട്യാല, കപൂർത്തല, നേപ്പാൾ എന്നിവിടങ്ങളിലെ മഹാരാജാക്കന്മാർ ദേശീയ കലാപത്തിനെതിരായി തങ്ങളുടെ സൈന്യങ്ങളെ ഉപയോഗിക്കുകയുണ്ടായി. ആടിക്കളിച്ച ചിലരും രാജാക്കന്മാർക്കിടയിലുണ്ടായിരുന്നു. അവരിൽ ചിലർ കലാപക്കാരുടെ ഭാഗത്തുചേർന്നത് പൊതുജനാഭിപ്രായത്തിന്റെ സമ്മർദ്ദംകൊണ്ടു മാത്രമാണ്. ബ്രിട്ടീഷു ഗവർണർ ജനറൽ കാനിംഗ് പ്രഭു ലഹളയുടെ ഒരു നിർണ്ണായകഘട്ടത്തിൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: “സിന്ധ്യ ലഹളയിൽ ചേരുകയാണെങ്കിൽ എനിക്ക് നാളെത്തന്നെ കെട്ടു കെട്ടേണ്ടിവരും”. ലഹളയുടെ ഗതി വിപ്ലവകാരികൾക്കെതിരായി തിരിഞ്ഞപ്പോൾ രാജാക്കന്മാർ ഓരോരുത്തരായി ജനങ്ങളുടെ താൽപ്പര്യങ്ങളെ വഞ്ചിച്ചുകൊണ്ട് ബ്രിട്ടീഷുകാരുടെ ഭാഗത്തേക്കു ചായാൻ തുടങ്ങി. വടക്കുപടിഞ്ഞാറെ അതിർത്തി സംസ്ഥാനത്തിലെ ബ്രിട്ടീഷ് പൊളിറ്റിക്കൽ ഏജന്റ് 1857 ആഗസ്റ്റ് 19ന് എഴുതിയ ഒരു കത്തിൽ ഇങ്ങനെ രേഖപ്പെടുത്തി: “തങ്ങൾ എല്ലായിപ്പോഴും നമ്മുടെ ഭാഗത്തു തന്നെയാണ് നിലയുറപ്പിച്ചത് എന്നു പ്രഖ്യാപിച്ചുകൊണ്ടും നമുക്കുവേണ്ടി എന്താണിനി ചെയ്യേണ്ടത് എന്ന് ആരാഞ്ഞുകൊണ്ടും ഇന്ത്യയിലെ രാജാക്കന്മാരിൽ നിന്ന് എനിക്ക് കത്തുകൾ കിട്ടാൻ തുടങ്ങിയിരിക്കുന്നു”.

ലഹളയുടെ പരാജയത്തിന്റെ കാരണങ്ങളിൽ രാജാക്കന്മാരുടെയും നാട്ടുവാഴി പ്രഭുക്കളുടെയും വഞ്ചന മാത്രമല്ല, സൈനികമായ വൈകല്യങ്ങളും കേന്ദ്രീകൃതമായ ഒരു നേതൃത്വത്തിന്റെ അഭാവവും ആഭ്യന്തരമായ വഴക്കുകളും മറ്റും ഉൾപ്പെടുന്നു. എന്നാൽ, ദൗർബല്യങ്ങൾ എന്തൊക്കെത്തന്നെയായാലും, 1857 ഇന്ത്യാചരിത്രത്തിൽ മായാത്ത മുദ്ര പതിപ്പിച്ചിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. അതിന്റെ സ്മരണകൾ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരം മുന്നോട്ടു കൊണ്ടുപോകുവാൻ പുതിയ തലമുറകൾക്കു പ്രചോദനം നൽകി.

സൈനികബലം കൊണ്ടു മാത്രം ഇന്ത്യൻ ജനതയെ അധികകാലം തങ്ങളുടെ അധീനത്തിൽ പിടിച്ചുനിർത്താൻ പറ്റുകയില്ലെന്ന് ബ്രിട്ടനിലെ ഭരണാധികാരികൾ മനസ്സിലാക്കി. അതിനാൽ ഭരണരീതികളിൽ ചില മാറ്റങ്ങൾ വരുത്താൻ അവർ തീരുമാനിച്ചു. ഈസ്റ്റിന്ത്യാക്കമ്പനിയുടെ കീഴിലായിരുന്ന ഭരണം പാർലമെന്റ് ഏറ്റെടുത്തു. വിക്ടോറിയ രാജ്ഞി ഇന്ത്യയുടെ ചക്രവർത്തിനിയായി പ്രഖ്യാപിക്കപ്പെട്ടു. ഇന്ത്യയുടെ മേൽ ബ്രിട്ടന്റെ പിടിത്തം മുറുക്കുന്നതിനുവേണ്ടി നാട്ടുരാജാക്കന്മാരെ ആകർഷിക്കാൻ പറ്റിയ ഒരു പുതിയനയവും സ്വീകരിക്കപ്പെട്ടു. വിക്ടോറിയാരാജ്ഞി പ്രഖ്യാപിച്ചു: “നാം നമ്മുടെ സ്വന്തം കാര്യങ്ങളിലുള്ള അതേ താൽപ്പര്യത്തോടെ ഇന്ത്യയിലെ രാജാക്കന്മാരുടെ അവകാശങ്ങളും അന്തസ്സും അഭിമാനവും കാത്തുരക്ഷിക്കും”.

എന്നാൽ, ഇന്ത്യയിൽ ഒരുപിടി നാട്ടുരാജാക്കന്മാർ മാത്രമല്ല ഉണ്ടായിരുന്നത്. വിദേശഭരണത്തിന്റെ മുമ്പിൽ ഒരിക്കലും മുട്ടു മടക്കുകയില്ലെന്ന് ത്യാഗോജ്ജ്വലങ്ങളായ സ്വന്തം പ്രവർത്തനങ്ങളിലൂടെ തെളിയിച്ച ജനങ്ങളുമുണ്ടായിരുന്നു. അവരുടെ കൈയിലായിരുന്നു ബ്രിട്ടീഷ് ഭരണത്തിന്റെ ഭാവി. മൈക്കൽ എഡ്വേർഡ് എഴുതി:

> “കലാപത്തിന്റെ മൃഗീയതയുടെയും അതിനേത്തുടർന്ന് ഭരണാധികാരികൾ കാണിച്ച അവഗണനയുടെയും ഫലമായി ഇന്ത്യക്കാരും ഇംഗ്ലീഷുകാരും തമ്മിലുള്ള ഒരു സന്ധിയുടെ എല്ലാ സാദ്ധ്യതകളും അവസാനിച്ചു. ഇന്ത്യയിലെ ഗവണ്മെന്റ് നഗ്നമായ ഒരു സാമ്രാജ്യത്വ ഗവണ്മെന്റായിരുന്നു; മുഗളന്മാരെപ്പോലെ ഇന്ത്യയുടെ മണ്ണുമായി അലിഞ്ഞുചേരാൻ കഴിയാത്ത തനി വിദേശീയസ്വേച്ഛാധിപത്യമായിരുന്നു. ഭരണാധികാരികളും ഭരണീയരും തമ്മിലുള്ള വിടവ് വളരെ വ്യക്തമായിത്തീർന്നു. ഇന്ത്യക്കാർക്കിടയിൽ ഒരു പുതിയ ഐക്യബോധവും ദേശീയത്വത്തിന്റെ ആരംഭവും പ്രകടമാവാൻ തുടങ്ങി. സാമ്രാജ്യത്വത്തിന്റെ അധഃപതനം തടയാൻ ഇനി യാതൊരു ശക്തിക്കും കഴിയില്ലെന്നായി”. [7]

---

7. W. H. Russel: My Indian Mutiny Diary, P. xxiii.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 6

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം
2. ശിവനും ശക്തിയും
3. ഏകതത്വവാദവും മതവിശ്വാസവും
4. ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും
5. ഇസ്ലാമിലെ ശുദ്ധാർഥവാദവും വിമതപ്രസ്ഥാനങ്ങളും
6. ഭക്തിപ്രസ്ഥാനം
7. ബ്രിട്ടീഷ് ഭരണം
8. പാശ്ചാത്യചിന്തയുടെ സ്വാധീനം
9. രാജാറാം മോഹൻ റായ്
10. സാമൂഹ്യപരിഷ്ക്കാരവും മതപുനരുദ്ധാരണവും
11. സ്വാമി വിവേകാനന്ദൻ
12. ഇസ്ലാമിലെ പുനരുത്ഥാനവും നവോത്ഥാനവും
13. മിതവാദികളും തീവ്രവാദികളും
14. തീവ്രവാദികളുടെ തത്വശാസ്ത്രം
15. മതവും ദേശീയപ്രസ്ഥാനവും
16. രവീന്ദ്രനാഥ ടാഗോർ
17. ഇഖ്ബാൽ
18. മഹാത്മാഗാന്ധി
19. മാർക്സിസത്തിന്റെ സ്വാധീനം
20. ജവഹർലാൽ നെഹ്റു
21. സ്വാതന്ത്ര്യലബ്ധിക്കു ശേഷം
22. ഭാരതീയചിന്ത എങ്ങോട്ട്?


### വെബ് പതിപ്പ കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10